"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 03-10-2020

## സർക്കുലർ നം സർക്കുലർ-78

കോവിഡ് വ്യാപനം ഫലപ്രദമായി തടയുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും ജയിൽ വകുപ്പിനായി പ്രത്യേകം സിഎഫ്എൽ ടി സെന്റര് അനുവദിക്കുകയും ടി സെന്ററുകളിൽ തടവുകാരെ പ്രവേശിച്ചു വരുകയും ചെയ്യുന്നു. പ്രസ്തുത സ്ഥാപനത്തിൽ പ്രവേശിക്കപ്പെടുന്ന തടവുകാരുടെ വിവരങ്ങൾ സമയബന്ധിതമായി ഇപ്രിസണിൽ രേഖപെടുത്തുന്നതായി കാണുന്നില്ല. അത് കാരണം ഇപ്രിസൺനിൽ ലഭ്യമാകുന്ന തടവുകാരുടെ എണ്ണവും യഥാർത്ഥത്തിൽ ജയിലിലുള്ള തടവുകാരുടെ എണ്ണവും തമ്മിൽ വ്യത്യാസമുണ്ടാകുന്നു, ആയതിനാൽ ഇപ്രിസണിലെ തടവുകാരുടെ വിവരങ്ങൾ സംബന്ധിച്ച കൃത്യത പാലിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1, അതാതു സിഎഫ്എൽടി സെന്ററിൽ പാർപ്പിച്ചിരിക്കുന്ന തടവുകാരുടെ വിവരങ്ങൾ സിഎഫ്എൽടി സെന്ററിന്റെ ചുമതലയുള്ള ജയിലുകൾ യഥാസമയം തന്നെ ഇപ്രിസൺനിൽ രേഖപ്പെടുത്തേണ്ടതാണ്.

2, ഇപ്രകാരം എൻടി വരുത്തുമ്പോൾ ഡബിൾഎൻടി വരാതെ പ്രത്യേകം ശ്രദ്ധിക്കണ്ടതും,സിഎഫ്എൽടി സെന്ററുകളിൽ കമ്പ്യൂട്ടർ സംവിധാനം ഇല്ലാത്തതിനാൽ ടി സ്ഥാപനത്തിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥർ സ്മാർട്ട് ഫോണിൽകൂടി ഇപ്രിസണിൽ എൻടി വരുത്തേണ്ടതുമാണ്.

3, സിഎഫ്എൽടി സെന്ററിന്റെ ചുമതലയുള്ള ജയിലുകളിലെ ഇപ്രിസൺ ഇൻചാർജ്, സൂപ്പർവൈസർ എന്നിവർ ഇക്കാര്യം പ്രതേകം ശ്രദ്ധിക്കേണ്ടതും യഥാസമയം രേഖപ്പെടുത്തൽ നടത്തേണ്ടതുമാണ്.

4, സിഎഫ്എൽടി സെന്ററിലെ തടവുകാരുടെ വിവരങ്ങൾ യഥാസമയം ഇപ്രിസൺനിൽ രേഖപെടുത്തുന്നുണ്ട് എന്ന് സുപ്രണ്ട് വ്യക്തി പരമായി ഉറപ്പുവരുത്തേണ്ടതാണ്,

5, ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന വിവരം അറിയിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് : ഓഫീസ് കോപ്പി/ കരുതൽ ഫയൽ

TC4-21588/2020/PrHQ    ff6183